# 2025-2026

# മാസ്റ്റർ പ്ലാൻ

## എം.എസ്.യു.പി

## സ്കൂൾ മഞ്ഞപ്പാറ



ഉള്ളടക്കം

1. ആമുഖം

2. സ്കൂൾ ചരിത്രം

3. ലക്ഷ്യങ്ങൾ / പദ്ധതികൾ

4. വിഷയാതിഷ്ഠിതമായ പദ്ധതികൾ / പരിപാടികൾ

5. മികവിനായി ഏറ്റെടുക്കേണ്ട പദ്ധതികൾ

6. പദ്ധതി വിശദാംശങ്ങൾ

7. പ്രതീക്ഷിത നേട്ടങ്ങൾ

8. മോണിറ്ററിംഗ്

9. ഉപസംഹാരം

## ആമുഖം

സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന ജനങ്ങൾ വസിക്കുന്ന ഇട്ടിവാ ഗ്രാമപഞ്ചായത്തിലെ ഒരു പ്രദേശമാണ് മഞ്ഞപ്പാറ. നിർധനരായ ജനത്തിനെ വിദ്യാലയങ്ങളിലേക്ക് അടുപ്പിക്കാനും അവരുടെ കുട്ടികളെ അറിവിന്റെ ലോകത്തിലേക്ക് നടത്തിക്കാനുമുള്ള ഒരു വേദിയായി മഞ്ഞപ്പാറ എം.എസ്.യു.പി സ്കൂൾ മാറിയത്. 1964-65 കാലഘട്ടത്തിലാണ്. സാംസ്കാരിക പ്രവർത്തകനും വിദ്യാഭ്യാസ വിചക്ഷണനുമായി മുൻഷി സർ ആയിരുന്നു. ഇതിന്റെ പിന്നിൽ തുടർന്നിങ്ങോട്ടുള്ള പഠിച്ചിറങ്ങി ദേശത്തും വിദേശത്തുമായി ഉന്നത ജോലികളിൽ മുഴുകിയിരിക്കുന്നു.

ഇപ്പോൾ 5-ാം തരം മുതൽ 7-ാം തരം വരെയുള്ള ക്ലാസുകളിൽ രണ്ട് ഡിവിഷൻ വീതം നടന്നു. പോകുന്നത് 12 അധ്യാപകരും ~~150~~ 175 ഓളം കുട്ടികളും പഠനപഠനേതര മേഖലകളിൽ കുട്ടികൾ വർഷങ്ങളായി മികച്ച നിലവാരം പുലർത്തി വരുന്നു.

ജ്ഞാന നിർമ്മിതി സിദ്ധാന്തത്തിലൂന്നിയുള്ള നമ്മുടെ സമീപനങ്ങളും രീതികളും പൂർണമായും വിജയകരമായി നടക്കണമെങ്കിൽ ക്ലാസ് മുറികൾ മാറേണ്ടതുണ്ട് ഇതിനായി പശ്ചാത്തലമൊരുക്കുന്നതാണ് പ്രധാന വെല്ലുവിളി കുട്ടികൾ കണ്ടും കേട്ടും അനുഭവിച്ചും വിജ്ഞാനം ആർജ്ജികാൻ തക്കവണ്ണമുള്ള ഒരു ക്ലാസ് അന്തരീക്ഷം നിലവിൽ നമുക്കില്ല ഉദാഹരണമായി സ്പേസ് സയൻസ് പഠിപ്പിക്കുമ്പോഴും ചില ശാസ്ത്രീയ തത്ത്വങ്ങൾ പഠിപ്പിക്കുമ്പോഴും ഈ പരമിതി മുഴച്ചു കാണുന്നു അതിനാൽ ആർജ്ജിക്കേണ്ടത് പൂർണ്ണമായി നേടാതെ കടന്നുപോകുന്നു. കുട്ടികളുടെ വിവിധ ശേഷികളെ ഉണർത്താൻ തക്കവണ്ണമുള്ള പഠനസാമഗ്രികൾ പഠന അന്തരീക്ഷം അനുഭവിച്ചറിയാനുള്ള സാഹചര്യം എന്നിവ ഓരോ ക്ലാസിനും ഓരോ വിഷയത്തിനും ലഭ്യമാക്കേണ്ടതുണ്ട്. നാല് ചുവരുകൾക്കുള്ളിൽ തളച്ചിടുന്ന ബാല്യത്തെ കൂടുതൽ രസകരമാക്കി കുട്ടികളിൽ വിജ്ഞാന കൗതുകം ഉണർത്തുന്ന അന്തരീക്ഷവും സൗകര്യങ്ങളും ഇനിയും ഉണ്ടാകേണ്ടതുണ്ട് യാഥാർത്ഥ്യമാകാൻ നാം ലക്ഷ്യങ്ങൾ തിരിച്ചറിഞ്ഞ് പ്രവർത്തിക്കേണ്ടതുണ്ട് ലക്ഷ്യങ്ങൾ ചുവടെ ക്രോഡീകരിക്കാം.

- ജ്ഞാന നിർമ്മിതി സിദ്ധാന്തം യാഥാർത്ഥ്യമാക്കുന്ന രീതിയിലുള്ള ക്ലാസ് മുറികൾ
- പഠനസഹായികളുടെ ഐ.സി.റ്റി സാധ്യത ഉൾപ്പെടെ ലഭ്യത പൂർണ്ണമായും ഉറപ്പാക്കൽ
- വിജ്ഞാന സ്രോതസ്സുകൾ എത്തിപ്പിടിക്കാൻ ഓരോ കുട്ടിയേയും പ്രാപ്തരാക്കൽ
- വിദ്യാലയവും സമൂഹവും തമ്മിലുള്ള ബന്ധം കൂടുതൽ ദൃഢമാക്കുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- വിദ്യാർത്ഥി സമൂഹത്തിന്റെ ഭാഗമാണെന്നും അവന് സമൂഹത്തോടുള്ള ഉത്തരവാദിത്വം മൂല്യങ്ങൾ എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- പരിസ്ഥിതിബോധം, ഗണിതം, ശാസ്ത്രം എന്നിവയുടെ നിത്യജീവിതത്തിലെ പ്രാധാന്യം എന്നിവ ബോധ്യപ്പെടുത്തുന്ന രീതിയിലുള്ള സ്വാഭാവികമായ ക്ലാസ്റും പ്രവർത്തന സൗകര്യങ്ങൾ

## വിദ്യാലയത്തിന്റെ ലഘുചരിത്രം

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മഞ്ഞപ്പാറ ഗ്രാമത്തിലെ ഭൂരിഭാഗവും അവരുടെ അറിവിന്റെ വെളിച്ചത്തിലേക്ക് കൂട്ടികൊണ്ടു വരുന്നതിനായും 1964-65 അധ്യായന വർഷത്തിൽ ആരംഭിച്ച സ്ഥാപനമാണിത് 5-ാം ക്ലാസ് മുതൽ 7-ാം ക്ലാസ് വരെയുള്ള കുട്ടികളാണ് ഇവിടെ പഠിക്കുന്നത് ആദ്യ കാലങ്ങളിൽ ഏക ഡിവിഷനുകളിലായി 150 ഓളം വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. പഠനപഠനേതര മേഖലകളിൽ മികച്ച നിലവാരം പുലർത്തുന്നു. ശാസ്ത്ര പ്രവൃത്തിപരിചയ മത്സരങ്ങളിലും വിവിധ ക്വിസ് മത്സരങ്ങളിലും നമ്മുടെ സ്കൂളിലെ കുട്ടികൾ മുൻപന്തിയിലാണ് ഇവിടെ പഠിച്ച വിദ്യാർത്ഥികൾ തുടർന്നും ഉന്നത വിജയങ്ങൾ നേടിയും വിവിധ മേഖലകളിൽ വെന്നിക്കൊടി പാറിച്ചും സ്കൂളിന്റെ യശസ് നിലനിർത്തുന്നുണ്ട് ബയോ കെമസ്ട്രിയിൽ 2015-ൽ ഒന്നാം റാങ്ക് കരസ്ഥമാക്കിയ ഷെറീന, സോഷ്യോളജിയിൽ റാങ്ക് കരസ്ഥമാക്കിയ രഞ്ജിഷ്,ഇട്ടിവാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റായി മികച്ച രീതിയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. നൗഷാദ് എന്നിവർ ചില ഉദാഹരണങ്ങൾ മാത്രം. സ്കൂളിന്റെ മികച്ച പ്രവർത്തനത്തിന്റെ അംഗീകാരമായി 2007 മുതൽ 2009 വരെ ചടയമംഗലം ഉപജില്ലയിലെ ലാബ് സ്കൂൾ ആയി തിരഞ്ഞെടുക്കപ്പെടുകയുണ്ടായി. സാമൂഹിക സേവന രംഗത്ത് നമ്മുടെ സ്കൂൾ നടത്തിയ മികച്ച കാൽവെയ്പാണ് " കണ്ണീരൊപ്പാൻ

കൈകോർക്കാം" പദ്ധതി. ഈ പദ്ധതിയുടെ ഭാഗമായി നിരവധി നിർധന കുടുംബങ്ങളെ സഹായിക്കാൻ കഴിഞ്ഞിട്ടുണ്ട്. അങ്ങനെ വിദ്യാഭ്യാസ സാംസ്കാരിക സാമൂഹിക രംഗങ്ങളിൽ മികച്ച ചരിത്രമാണ് സ്കൂളിനുള്ളത്.

## പദ്ധതി രൂപീകരണ പ്രക്രിയ

1. എസ്.ആർ.ജി യോഗത്തിൽ എം.എസ്. യു.പി. സ്കൂൾ - വിഷൻ 2030 എന്ന കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും.

2. വികസനാവശ്യങ്ങൾ ക്ലാസ്/ വിഷയം അടിസ്ഥാനത്തിൽ ഭൗതികം, അക്കാദമികം, സാമൂഹികം എന്നിങ്ങനെ തരംതിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ

3. കരട് രൂപരേഖ എസ്.ആർ.ജി, പി.ടി.എ, എം പിടിഎ, എസ്എം.സി രാഷ്ട്രീയ സംഘടനാ പ്രതിനിധികൾ ജനപ്രതിനിധികൾ എന്നിവരടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിക്കൽ

4. ശില്പ ശാലയിൽ ഉയർന്നുവരുന്ന നിർദ്ദേശങ്ങൾ കൂട്ടിചേർക്കൽ

5. പി.ടി.എ നേതൃത്വത്തിൽ ക്രോഡീകരണപദ്ധതി തയ്യാറാക്കൽ.

## നിലവിലെ അവസ്ഥാ വിശകലനം

### 1. ഭൗതികം- നേട്ടങ്ങൾ

എല്ലാ ക്ലാസ് മുറികളിലും വൈദ്യുതികരണം നടത്തിയിട്ടുണ്ട്. ആറ് ക്ലാസ് മുറികൾക്കാവശ്യമായ ഭൗതീക സാഹചര്യങ്ങൾ നിലവിലുണ്ട്.

### 2. ഭൗതികം- പരിമിതികൾ

ലൈബ്രറി, വായനാമുറി, എന്നിവയ്ക്ക് മതിയായ സൗകര്യങ്ങളുള്ള പ്രത്യേക മുറികളില്ല. ശൗചാലയം ആധുനിക രീതിയിലുള്ളതല്ല മാത്രമല്ല Girls friendly toilets നിലവിലില്ല . ചുറ്റുമതിൽ പൂർണമല്ല. ആകർഷകമായ വിധത്തിൽ പൂന്തോട്ടം, ജൈവ വൈവിധ്യപാർക്ക് എന്നിവ നിർമ്മിക്കേണ്ടതുണ്ട്. വിശാലമായ രീതിയിൽ കളിസ്ഥലം പുനർനിർമ്മിക്കേണ്ടതുണ്ട്.

### 3. അക്കാദമികം- നേട്ടങ്ങൾ

വിവിധ മത്സര പരീക്ഷകൾ, ക്വിസ് മത്സരങ്ങൾ തുടങ്ങിയവയിൽ വിദ്യാർത്ഥികൾ മികച്ച നിലവാരം പുലർത്തുന്നുണ്ട്. ജെ.ആർ.സി യൂണിറ്റ് ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തുന്നു. വിവിധ ഭാഷകളിലുള്ള അസംബ്ലികൾ നടത്തുമ്പോൾ പദപരിചയം, പുതിയ ശൈലി പ്രമുഖ വ്യക്തികൾ എന്നിവരെ പരിചയപ്പെടുത്തുന്നു.

### 4. അക്കാദമികം പരിമിതികൾ

വിവിധ മത്സരപരീക്ഷകളിൽ കുട്ടികളുടെ പ്രകടനം ഇനിയും മെച്ചപ്പെടുത്തേണ്ടതുണ്ട്. സ്കൂൾ ഗ്രന്ഥശാല നവീകരണം ലബോട്ടറി ആധുനിക വൽകരണം എന്നിവ നടന്നിട്ടില്ല കൂടാതെ ക്ലാസ് ലൈബ്രറികൾ ക്രമീകരിച്ചിട്ടില്ല കലാ-കായിക പരിശീലനത്തിൽ കുട്ടികളുടെ പൂർണസേവനം ലഭ്യമാകുന്നില്ല.

പ്രവർത്തനം- 1

പ്രവർത്തനത്തിന്റെ പേര് - ഇംഗ്ലീഷ് അസംബ്ലി

ഉപമേഖല- ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ആശയ വിനിമയം നടത്തുന്നതിൽ ശേഷിനേടൽ | ആഴ്ചയിൽ ഒരു ദിവസം കുട്ടികൾ തന്നെ അസംബ്ലിയിലെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. ഓരോ ക്ലാസുകൾക്കും ഇടവിട്ട് ചുമതല നൽകൽ | ആഴ്ചയിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകൻ | |

പ്രവർത്തനം- 2

പേര് - ഇംഗ്ലീഷ് ഡയറി

ഉപമേഖല- ഇംഗ്ലീഷ് ഭാഷാ പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ | ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറിയൽ എഴുതുക. | ആഴ്ചയിൽ 5 ദിവസം | ഇംഗ്ലീഷ് അധ്യാപകൻ | |

പ്രവർത്തനം - 3

പേര് - ഇംഗ്ലീഷ് തീയറ്റർ

ഉപമേഖല - ഇംഗ്ലീഷ് ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയെ സർഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ | പാഠപുസ്തകത്തിലെ ഭാഗങ്ങളെ മറ്റ് വ്യവഹാരരൂപങ്ങളിലേക്ക് മാറ്റൽ<br>ഉദാ. സ്കിറ്റ്, സംഭാഷണം, നാടകം | പ്രതിമാസം | ഇംഗ്ലീഷ് അധ്യാപകൻ | |

പ്രവർത്തനം - 4

ഇംഗ്ലീഷ് ബുള്ളറ്റിൻ

ഉപമേഖല- സർഗാത്മക രചന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിൽ സർഗാത്മക ശേഷി വികസിപ്പിക്കൽ | ഓരോ മാസവും ഓരോ വിഷയം സംബന്ധിച്ച് ബുള്ളറ്റിൻ തയ്യാറാക്കൽ<br>ജൂൺ - മൺസൂൺ<br>ജൂലൈ - ജനസംഖ്യ<br>ആഗസ്ത്- സ്വാതന്ത്ര്യം | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് അധ്യാപിക | |

പ്രവർത്തനം-6

ഇംഗ്ലീഷ് ഫെസ്റ്റ്

ഉപമേഖല - ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യാകരണ ശുദ്ധിയോടെ ഇംഗ്ലീഷ് പറയാനും | മധ്യവേനൽക്കാല ത്തെ 5 ദിവസം ഇംഗ്ലീഷ് ഫെസ്റ്റിലേക്ക് ഉപയോഗിക്കാക്കാം | 5 ദിവസം | പി.ടി.എ പ്രസിഡന്റ്, എച്ച്.എം, ഇംഗ്ലീഷ് അധ്യാപകൻ | 10,000/- |

പ്രവർത്തനം-7

പേര്- ഇംഗ്ലീഷ് കത്തെഴുത്ത്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് രചനയിൽ പ്രാവീണ്യം നേടൽ | സ്കൂളിലെ ഒരു മാസത്തെ അക്കാദമിക് പ്രവർത്തനങ്ങൾ മറ്റ് ജില്ലയിലെ സമാന ക്ലാസിലെ കുട്ടികളുമായി കത്തിലൂടെ സംവദിക്കുന്നു. | പ്രതിമാസം | ഇംഗ്ലീഷ് അധ്യാപകർ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

മലയാളം

| മേഖല | പ്രവർത്തനം | കാലയളവ് | സംഘടന ചുമതല | സാംബത്തിക തുക ഏജൻസി |
|---|---|---|---|---|
| 1 വായന, കവിതാലാപനം | കവിയരങ്ങ,കുട്ടികവിതകൾ ,പാഠപുസ്തകത്തിലെ കുട്ടി കവിതകൾ പരിചയപ്പെടൽ,ക്ലാസ് മുറിയിൽ അവതരണം | ഒരാഴ്ച | ഭാഷാധ്യാപിക ,ക്ലാസ് ലീഡർ ,മറ്റുകുട്ടികൾ | ഇല്ല |
| | കുട്ടി കവിതയിൽ നിന്നു പരിചിതമായ കവിത ആലപിക്കുന്നു | ഒരാഴ്ച | ഭാഷാധ്യാപിക ,കുട്ടികൾ | ഇല്ല |
| | വിവിധ കവിതകളുടെ ഓഡിയോ പരിചയപ്പെടൽ | ഒരാഴ്ച | ഗ്രൂപ്പുകൾ | ഇല്ല |
| | ദിനചരണവുമായി ബന്ധപ്പെട്ടു സ്കൂളിൽ കവി എത്തുന്നു . | 1 ദിവസം | വിദ്യാരംഗം ക്ലബ് | ഫീസ് ഉണ്ട് |

| മേഖല | പ്രവർത്തനം | കാലയളവ് | സംഘടന ചുമതല | സാംബത്തിക തുക ഏജൻസി |
|---|---|---|---|---|
| അഭിമുഖം, അവതരണം | പ്രശസ്തനായ സാഹിത്യകാരൻ സ്കൂളിൽ എത്തുന്നു,അഭിമുഖം നടത്തുന്നു | 2 മണിക്കൂർ | വിദ്യാരംഗം ക്ലബ് | സ്റ്റാഫ് fund |
| | പരിചയപ്പെട്ട കവിതകളിൽ നിന്നു ഏറ്റവും ഇഷ്ടപ്പെട്ട കവിതക്ക് ആസ്വാദന കുറിപ്തയ്യാറകുന്നു | 3ദിവസം | ഗ്രൂപ്പുകൾ | ഇല്ല |
| | കുട്ടികൾ സ്വന്തമായികവിതകൾ രചിച്ച് കവിതകളുടെ ഒരു പതിപ്പ് തയ്യാറകുന്നു. | ഒരാഴ്ച | വ്യക്തിഗതം | ഇല്ല |

# M S U P S Manjappara

## Arabic Master Plan ( خطة رئيسية عربية )

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ & സാമ്പത്തികം |
|---|---|---|---|---|
| അറബി അക്ഷരങ്ങളുടെ ഉച്ചാരണം, എഴുത്തു രൂപങ്ങളിലെ വ്യത്യാസങ്ങൾ എന്നിവ മനസ്സിലാക്കി വായിക്കാനും എഴുതാനുമുള്ള കഴിവ് ആർജിക്കൽ. | അക്ഷരങ്ങളുടെ രൂപവ്യത്യാസം ഗ്രഹിക്കാൻ കഴിയാത്ത കുട്ടികളെ കണ്ടെത്തി പ്രത്യേക പരിശീലനത്തിലൂടെ ഉയർത്തിക്കൊണ്ടു വരും . നേരത്തെ തയ്യാറാക്കിയ അറബി അക്ഷര പഠന സഹായി ഇതിനായി ഉപയോഗിക്കും. കൂടാതെ അക്ഷര കാർഡുകൾ ഐടി ഉപയോഗിച്ചുള്ള വിവിധ ഗെയിമുകൾ തുടങ്ങിയവയും ഉപയോഗിക്കും. | അധ്യായന വർഷാരം ഭത്തിലെ രണ്ടുമാസം. | പുസ്തകങ്ങൾ കാർഡുകൾ | S R G<br>S M C |
| അറബി ഭാഷാ ശേഷി വർദ്ധിപ്പിക്കുക. പദസമ്പത്ത് അധികരിപ്പിക്കുക . | പുതിയ പദങ്ങൾ പരിചയപ്പെടൽ , പാഠപുസ്തകങ്ങളിലുള്ള വാക്കുകൾക്കും പദങ്ങൾക്കും പുറമേ പുതിയ പദങ്ങൾ ശേഖരിക്കാൻ സാഹചര്യമൊരുക്കുന്നു. ദൈനംദിന കാര്യങ്ങളിൽ ഉപയോഗിക്കുന്ന വാക്കുകൾ പരിശീലിപ്പിക്കുകയും മാത്സര്യ ബോധത്തോടെ കുട്ടികൾ പങ്കാളികളാവുകയും ചെയ്യുന്നു . പദങ്ങളും വാക്കുകളും കണ്ടെത്തുന്നവർക്ക് | ജൂൺ മുതൽ മാർച്ച് വരെ | കഥാ, കവിതാ, പുസ്തകങ്ങൾ | S R G<br>S M C |

| | | | | |
|---|---|---|---|---|
| | സമ്മാനം നൽകുന്നു. | | | |
| അറബിയിലുള്ള ചെറിയ ശൈലികൾ, ഉപചാര വാക്കുകൾ തുടങ്ങിയവ മനസ്സിലാക്കുക | പാഠപുസ്തകങ്ങളിൽ നിന്നും മറ്റു പുസ്തകങ്ങളിൽനിന്നു ം കണ്ടെത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | പാഠപുസ്തക ങ്ങളും ലഭ്യമാകുന്ന മറ്റു പുസ്തകങ്ങളും | S R G S M C |
| ഭാഷാ ആഭിമുഖ്യം, വായനാ താല്പര്യം, പൊതു വിജ്ഞാനം തുടങ്ങിയവ വർദ്ധിപ്പിക്കൽ | അറബി കലോത്സവത്തിലെ അറബി ഭാഷയുമായി നേർക്കുനേരെ ബന്ധമുള്ള പദനിർമ്മാണം, പദപ്പയറ്റ്, പദകേളി ,അറബി പ്രസംഗം തുടങ്ങിയമത്സര പരീക്ഷണത്തിലൂടെയുള്ള പ്രവർത്തനം. | ജൂൺ മുതൽ മാർച്ച് വരെ | മാതൃക മത്സര സഹായികൾ രൂപപ്പെടുത്തി പ്രസിദ്ധീകരിക്ക ും. | S R G S M C |
| വിവിധ ദിനാചരണങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടുത്തൽ. കുട്ടികളുടെ സർഗാത്മക ശേഷി വർദ്ധിപ്പിക്കൽ. | ഓരോ ദിനാചരണത്തിന്റെയും ഭാഗമായി അറബിയിലുള്ള പ്ലക്കാർഡുകൾ ഉണ്ടാക്കുകയും തൽസംബന്ധമായ ക്വിസ് മത്സരം സംഘടിപ്പിക്കുകയും ചെയ്യും. പ്രതിഭകൾക്ക് സമ്മാനങ്ങൾ നൽകും. | ജൂൺ മുതൽ മാർച്ച് വരെ | അറബിക് ക്ലബ്ബിന്റെ ആഭിമുഖ്യക്കി ൽ ചാർട്ടുകളുടെയ ും പ്ലക്കാർഡുകളു ടെയും നിർമാണം . | S R G S M C |
| അറബി ഭാഷാ പഠനത്തിൽ IT സാധ്യത ഉപയോഗപ്പെടുത്താനുള്ള പ്രാഥമിക ഘട്ടത്തിന് തുടക്കം കുറിക്കൽ. | അറബി ലാഗ്വേജ് ലാബ്, സ്മാർട്ട് ക്ലാസ്സ് റൂം, അറബിയിലുള്ള ബാല സാഹിത്യ ശേഖരണം തുടങ്ങിയവയിലൂടെയുള്ള പരിശീലനം. കമ്പ്യൂട്ടറിൽ അറബിക് ടൈപ്പിംങ്ങിനായി കീ ബോർഡിൽ അറബി അക്ഷരങ്ങൾ പരിചയപ്പെടുത്തും. | ജൂൺ മുതൽ മാർച്ച് വരെ | സ്കൂളിലെ IT സൗകര്യം ,ഇന്റ ർനെറ്റ് സൗകര്യം ഉപയോഗപ്പെടു ത്തും. | S R G S M C |

# MSUPS MANJAPPARA

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലയളവ് | ഭൌതികം | സാമ്പത്തികം പിന്തുണ |
|---|---|---|---|---|
| എഴുത്ത് വായന എന്നിവയിൽ തെറ്റുകൂടാതെ എഴുതാനും വായിക്കാനും കഴിയാത്ത കുട്ടിക്ക് പ്രസ്തുത ശേഷി കൈവരിക്കുന്നതിന് | അക്ഷര പദകാർഡുകളുടെ സഹായത്തോടെ അക്ഷരങ്ങളുടെ രൂപവും ഉച്ചാരണവും ഉറപ്പിക്കുന്നു.ചിത്രങ്ങളുടെ സഹായത്തോടെ വാക്യങ്ങൾ നിർമ്മിച്ച്എഴുതുന്നു .വായിക്കുന്നു | ജൂൺ മുതൽ സെപ്തംബർ വരെ | കാർഡുകൾ | SRG |
| ഉർദു ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനും നന്നായി സംസാരിക്കുന്നതിനും | പുതിയ പദങ്ങൾ പരിചയപ്പെടൽ ദൈനം ദിന കാര്യങ്ങൾക്കുപയോഗിക്കുന്ന വാക്കുകൾ പരിശീലിപ്പികുന്നുപദങ്ങളും വാക്കുകളും കണ്ടെത്തുന്നവർക്ക് സമ്മാനം നൽകുന്നു | ജൂൺ മുതൽ മാർച്ച് വരെ | കഥ,കവിത പുസ്തകങ്ങൾ | SRG |
| വിവിധ ദിനാചരണങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടുത്തൽ | ഓരോദിനാചരണത്തിന്റെയും ഭാഗമായി പ്ലക്കാർഡുകൾ ഉണ്ടാക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ചാർട്ടുകളും പ്ലക്കാർഡുകളും നിർമ്മാണം | SRC |
| ഉർദു ഭാഷാപഠനത്തിൽ IT സാധ്യതഉപയോഗപ്പെടുത്താനുള്ള പ്രാഥമിക ഘട്ടത്തിന് തുടക്കം | കംബ്യൂട്ടറിൽ ഉർദു ടൈപ്പിങ്ങിനായി കീ ബോർഡിൽ ഉർദു അക്ഷരങ്ങൾ പരിചയപ്പെടുത്തുക | ജൂൺ മുതൽ മാർച്ച് വരെ | സ്കൂളിലെ IT,ഇന്റർനെറ്റ് സൌകര്യം ഉപയോഗിക്കും | SRG |

# അക്കാദമിക മാസ്റ്റർ പ്ലാൻ -സംസ്കൃതം 2025-2026

## പൊതുലക്ഷ്യങ്ങൾ

- സംസ്കൃതഭാഷാപഠനം ലളിതവും ശിശുകേന്ദ്രീകൃതവും ആക്കുക.
- നിർദിഷ്ട ഭാഷാശേഷികൾ നേടാൻ പ്രാപ്തരാക്കുക.
- രക്ഷിതകളിലും ഭാഷയോടുള്ള ആഭിമുഖ്യം വളർത്തുക.
- സവിശേഷകഴിവുള്ള കുട്ടികൾക്കായി പ്രതിഭാപോഷണ പരിപാടികൾ .
- വിഭിന്നനിലവാരത്തിലുള്ള കുട്ടികൾക്ക് ഭാഷയെ വിരൽതുമ്പിലെത്തിക്കൽ
- എന്റെ വിദ്യാലയത്തിലെ സംസ്കൃത പ്രവർത്തനങ്ങൾ പ്രാദേശിക മികവിന്റെ ഭാഗമായി മാറണം എന്ന ലക്ഷ്യം.

ജൂൺ-2025

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | ക്ലാസ് | കാലയളവ് | ഭൌതികം | പിന്തുണ |
| --- | --- | --- | --- | --- | --- | --- |
| | <u>ഭാഷണം</u><br>• ആശയങ്ങളുടെ വാചിക പ്രകടനം | • ചിത്രങ്ങൾ,കഥാ ചിത്രങ്ങൾ ,വായനാ കാർഡുകൾ ഐ.സി.ടി സാധ്യതകൾ എന്നിവയിലൂടെ സംഭാഷണാവസരങ്ങൾ സൃഷ്ടിക്കുക<br>• T.V<br>• റേഡിയോ,സംസ്കൃത പരിപാടികൽ, വാർത്ത എന്നിവ കേൾകാൻ അവസരം<br>• ചോദ്യോത്തരപ്പയറ്റ്<br>• സംഭാഷണ ക്ലാസ്സുകൾ<br>• സംസ്കൃത അസംബ്ലികൾ | V To VII | നിരന്തര പ്രവർത്തനം | • ഐ.സി.ടി<br>• ചിത്രങ്ങൾ<br>• വായന കാർഡുകൾ<br>• ബ്ലോഗ്<br>• T.V<br>• റേഡിയോ | • അദ്ധ്യാപകർ<br>• മുതിർന്ന സംസ്കൃത വിദ്യാർഥികൾ |

ആഗസ്റ്റ്- 2025

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | ക്ലാസ് | കാലയളവ് | ഭൌതികം | പിന്തുണ |
|---|---|---|---|---|---|---|
| 2 | <u>ലേഖനം</u><br><br>സ്വായത്തമാക്കിയ അക്ഷരങ്ങൾ കൂട്ടിച്ചേർത്ത അർത്ഥപൂർണമായ വാക്യങ്ങൾ എഴുതുക | • അടിസ്ഥാന ലേഖന പ്രവർത്തനങ്ങൾ<br>• അക്ഷര-പദ കാർഡുകളുടെ നിർമാണം<br>• മാതൃക നോക്കി എഴുത്ത്<br>• കേട്ടെഴുത്ത്<br>• ചിത്ര കഥ നോക്കി കഥയെഴുത്ത്<br>• വരികൾ കൂട്ടിച്ചേർക്കൽ<br>• വളരുന്ന അക്ഷര പുസ്തകം<br>• ഏകം പദം ഏകം ദിനം -പ്രദർശന ഫലകത്തിൽ | V To VII | നിരന്തരപ്രവർത്തനം | വായനാ സാമഗ്രികൾ പ്രദർശന ഫലകം | • അദ്ധ്യാപകർ<br>• B-R-C |

അക്കാദമിക് മാസ്റ്റർ പ്ലാൻ - ഹിന്ദി

| SL. No | Programme | Activity | Duration | ഭൌതികം | പിന്തുണ |
|---|---|---|---|---|---|
| 1 | UP തലത്തിലെ എല്ലാ കുട്ടികൾകും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ | • അക്ഷരം എഴുത്ത്<br>• ചിഹ്നം ഉറപ്പിക്കൽ<br>• അക്ഷര കാർഡ് വാക്കുകൾ എഴുതിയ കാർഡ്<br>• ക്ലാസിൽ അക്ഷര മാല പ്രദർശനം<br>• ഓൺലൈൻ അക്ഷരമാല കളികൾ<br>• വാക്കുകൾ എഴുതിയ കാർഡുകൾ<br>• വാക്യങ്ങളുടെ നിർമാണം | June To August | അക്ഷര ചാർട്ടു പാഠപുസ്തകം | S R G ,S M C B R C (Resource teacher) |
| 2 | ഹിന്ദി ഭാഷാശേഷി വർദ്ധിപ്പിക്കുക ,പദ സമ്പത്തുവർദ്ധിപ്പിക്കുക<br><br>കാണുന്നതും കേൾകുന്നതുംഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക | • പുതിയ പദങ്ങൾ പരിചയപ്പെടൽ,പാഠപുസ്തകങ്ങളിലുള്ള വാക്കുകൾക് പുറമെ പുതിയ പദങ്ങൾ ശേഖരികുന്നതിനു മുള്ള പ്രവർത്തനങ്ങൾകൊടുക്കുന്നു.<br>• ദൈനംദിന കാര്യങ്ങളിൽ ഉപയോഗിക്കുന്ന വാക്കുകൾ പരിചയപ്പെടുന്നതിനുംപ്രയോഗിക്കുന്നതിനുമുള്ള അവസരം നൽകുന്നു.<br>• വീട്ടിൽ ഉപയോഗിക്കുന്ന ഉപകരണങ്ങളുടെയും ചുറ്റുപാടും കാണുന്ന വസ്തുക്കളുടെയും പേര് ഹിന്ദിയിൽ കണ്ടെത്തുക.<br>• ICT സഹായത്തിലൂടെ വാക്കുകളും വാക്യങ്ങളും പരിശീലിക്കാനുള്ള അവസരം<br>• CWSN കുട്ടികളുടെ പങ്കാളിത്തം | September to December | ഹിന്ദി നിഘണ്ടു<br><br>വായന കാർഡ്<br><br>കഥ,കവിത,പുസ്തകങ്ങൾ | S R G ,S M C B R C (Resource teacher |

# അക്കാദമിക് മാസ്റ്റർ പ്ലാൻ - ഹിന്ദി

| SL. No | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 3 | ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൽ വികസിപ്പിക്കാനുമുള്ള അവസരം(സുരീലി ഹിന്ദി ) | • ഹിന്ദി അസംബ്ലി ദിനാചരണങ്ങൾ<br>• അധിക വായന സാമഗ്രികൾ<br>• ക്ലാസ് ലൈബ്രറി<br>• ചിത്ര സഹായത്തോടെ ചിത്ര കഥ പരിചയപ്പെടൽ<br>• ചിത്ര കഥ തയ്യാറാക്കൽ<br>• കഥ പറയൽ<br>• ഹിന്ദി ക്ലബ്പ്രവർത്തനങ്ങൾ | Jan To March | പുസ്തകങ്ങൾ | SRG BRC |

പ്രവർത്തനം:1

പ്രവർത്തനത്തിന്റെ പേര് -സയൻസ് ലാബ് നവീകരണം

ഉപമേഖല അടിസ്ഥാനശാസ്ത്ര പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാംബത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര തത്വങ്ങൾ കൂടുതൽ മനസിലാക്കാനായി ശാസ്ത്ര ലാബ് സജ്ജീകരിക്കൽ | സയൻസ് ലാബിലെ വിവിധ ഉപകരണങ്ങൾ,രാസവസ്തുക്കൾ ഫിസിക്സ്,കെമിസ്ട്രി,ബയോളജി എന്നിങ്ങനെ ഇനം തിരിച്ച് കാറ്റലോഗു തയ്യാറാക്കൽ ഇരിപ്പിടങ്ങൾ സജ്ജമാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ് | |

പ്രവർത്തനം:2

പ്രവർത്തനത്തിന്റെ പേര് -ശാസ്ത്ര യാത്രകൾ (Field trip)

മേഖല ഉപമേഖല ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സംബത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പഠനങ്ങൾ രസകരമാക്കൽ | കുസാറ്റിലെ ശാസ്ത്ര കൃഷി ഗവേഷണ കേന്ദ്രങ്ങൾ ഫാമുകൾ ശാസ്ത്ര ഗവേഷണ കേന്ദ്രങ്ങൾ പ്രദർശനങ്ങൾ പഠന യാത്രകൾ | പ്രതിവർഷം മൂന്നു യാത്രകൾ | സയൻസ് ക്ലബ് PTA | 15000 OSA |

പ്രവർത്തനം:3

പ്രവർത്തനത്തിന്റെ പേര് -ശാസ്ത്ര മേളകൾ

മേഖല ഉപമേഖല Academic ,ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാംബത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രം പ്രവർത്തനമാണ് എന്നു മനസിലാക്കുക | സ്കൂൾ തല ശാസ്ത്ര മേളകൾ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ ,ഉപജില്ലാ തലത്തിൽ പരമാവധി പങ്കാളിത്തം | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ് | 10000/- CCRC fund |

പ്രവർത്തനം:4

പ്രവർത്തനത്തിന്റെ പേര് -പ്രതിഭാപോഷണ പരിപാടി

മേഖല ഉപമേഖല -Academic /ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സംബത്തിക വിശകലനം |
|---|---|---|---|---|
| പ്രതിഭകൾക് വിദഗ്ധ പരിശീലനവും ക്ലാസ്സുകളും നൽകൽ | ശാസ്ത്രത്തിലെ മികവർന്ന നിലവാരം പുലർത്തുന്ന വിദ്യാർഥികൽക്കായി പ്രത്യേക പരിശീലന ക്ലാസ്സുകൾ ഒഴിവ് ദിനങ്ങളിൽ സംഘടിപ്പിക്കൽ | അവധി ദിവസങ്ങൾ | SRG SRG | 5000/Sponsership |

പ്രവർത്തനം:5

പ്രവർത്തനത്തിന്റെ പേര് -ശാസ്ത്ര പോഷണ പരിപാടി

മേഖല ഉപമേഖല Academic /ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാംബത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രീയ മനോഭാവം രൂപപ്പെടുത്തൽ | ശാസ്ത്രത്തിന്റെ രീതി ,ജനപക്ഷ ശാസ്ത്രത്തിന്റെ അനിവാര്യത ,ശാസ്ത്രം ജന നൻമയ്ക് എന്നിവ കേന്ദ്രീകരിച്ചുള്ള ക്ലാസ്സുകൾ,സംവാദങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കൽ | പ്രതിമാസ പരിപാടി | സയൻസ് ക്ലബ് | 10000/- SSG |

പ്രവർത്തനം:6

പ്രവർത്തനത്തിന്റെ പേര് -ജൈവ വൈവിധ്യപാർക്ക്

മേഖല /ഉപമേഖല -Academic /ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സംബത്തിക വിശകലനം |
|---|---|---|---|---|
| പ്രകൃതിയെ അടുത്തറിയൻ അവസരമൊരുക്കുക | സ്കൂളിൽ സൌകര്യപ്രദമായ സ്ഥലത്തു ജൈവ വൈവിധ്യ പാർക്ക് നിർമിക്കൽ | ഒരു പ്രാവശ്യം | SRG | 25000 S.S.A |

## ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| കുട്ടികളിൽ ഗണിതാഭിമുഖ്യം,ഗണിത താൽപര്യംഎന്നിവ വളർത്തുക | ഗണിതാസംബ്ലി<br>ഗണിതകേളികൾ | ജൂൺ -മാർച്ച് | | S R G |
| ഗണിത ചിന്ത വളർത്തുക | കുസൃതിക്കണക്ക്, മനക്കണക്ക്,ഗണിത പാറ്റേണുകൾ | ജൂൺ -മാർച്ച് | പുസ്തകങ്ങൾ | S R G<br>S S G |
| ഗണിതവുമായി ബന്ധപ്പെട്ട സാങ്കേതികവിദ്യ | വിദഗ്ദ്ധരുടെക്ലാസ്സുകൾ ,ICT സൌകര്യം വർദ്ധിപ്പിക്കൽ | ജൂൺ -മാർച്ച് | ലാപ് ടോപ് | S R G<br>ഗണിതാദ്ധ്യാപകർ |
| അടിസ്ഥാന ഗണിത ശേഷി നേടൽ | പഠനോപകരണങ്ങൾ ഉപയോഗിക്കുന്ന നിത്യ ജീവിതത്തിലെ സന്ദർഭങ്ങൾ കൂടുതൽ പ്രയോജനപ്പെടുത്തുക | ജൂൺ -മാർച്ച് | പഠനോപകരണങ്ങൾ | S R G<br>ഗണിതാദ്ധ്യാപകർ |

# M.S.U.P.S Manjappara

# Master Plan

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലയളവ് | ഭൌതികം | പിന്തുണ സാമ്പത്തികം |
|---|---|---|---|---|
| എഴുത്ത് വായന എന്നിവയിൽ തെറ്റുകൂടാതെ എഴുതാനും വായിക്കാനും കഴിയാത്ത കുട്ടിയ്ക്ക് പ്രസ്തുത ശേഷി കൈവരിക്കുന്നതിന് | അക്ഷര പദകാർഡുകളുടെ സഹായത്തോടെ അക്ഷരങ്ങളുടെ രൂപവും ഉച്ചാരണവും ഉറപ്പിക്കുന്നു.ചിത്രങ്ങളുടെ സഹായത്തോടെ വാക്യങ്ങൾ നിർമിച്ച് എഴുതുന്നു,വായിക്കുന്നു. | ജൂൺ മുതൽ സെപ്റ്റംബർ വരെ | കാർഡുകൾ | SRG |
| ഉർദു ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനും നന്നായി സംസാരിക്കുന്നതിനും | പുതിയ പദങ്ങൾ പരിചയപ്പെടൽ ദൈനം ദിന കാര്യങ്ങൾ ഉപയോഗിയ്ക്കുന്ന വാക്കുകൾ പരിശീലിപ്പിക്കുന്നു. പദങ്ങളും വാക്കുകളും കണ്ടെത്തുന്നവർക് സമ്മാനം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | കഥ കവിത പുസ്തകങ്ങൾ | SRG |
| വിവിധ ദിനചരണങ്ങളുടെ പ്രാധാന്യം ബോദ്ധ്യപ്പെടുത്തൽ | ഓരോ ദിനചരണത്തിന്റെയും ഭാഗമായി പ്ലക്കാർഡുകൾ ഉണ്ടാക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | ചാർട്ടുകളും പ്ലക്കാർഡുകളും നിർമ്മാണം | SRG SMC |
| ഉർദു ഭാഷാ പഠനത്തിൽ IT സാധ്യത ഉപയോഗപ്പെടുത്താനുള്ള പ്രാഥമികഘട്ടത്തിന് തുടക്കം | കമ്പ്യൂട്ടറിൽ ഉർദു ടൈപ്പിങ്ങിനായി കീബോർഡിൽ ഉർദു അക്ഷരങ്ങൾ പരിജയപ്പെടുത്തണം | ജൂൺ മുതൽ മാർച്ച് വരെ | സ്കൂളിലെ ഐ ടി ,ഇന്റർനെറ്റ് സൌകര്യം ഉപയോഗിക്കും | SRG |

പ്രവർത്തനം 16

പേര് : ഗ്രന്ഥശാലാ ശാക്തീകരണം

ഉപമേഖല : ഭാഷാശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടാൻ അവസരമൊരുക്കൽ | ഗ്രന്ഥശാലയിലേക്ക് കൂടുതൽ പുസ്തകങ്ങൾ ഭവനസന്ദർശനത്തിലൂടെ കണ്ടെത്തൽ. പുസ്തകങ്ങൾ വർഗ്ഗീകരിച്ച് ക്രമീകരിക്കൽ. കാറ്റലോഗ്, വിതരണ രജിസ്റ്റർ എന്നിവ ശാസ്ത്രീയമാക്കൽ | വർഷത്തിൽ രണ്ടു പ്രാവശ്യം | എച്ച്. എം., പി.ടി.എ., ലൈബ്രേറിയൻ | 2000/- സ്പോൺസർ ഷിപ്പ് |

പ്രവർത്തനം 17

പേര് : നാടകക്കളരി

ഉപമേഖല : ഭാഷാശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഒരു സാഹിത്യ രൂപത്തെ മറ്റൊരു രൂപത്തിലേക്ക് മാറ്റൽ | പരിചയപ്പെട്ടിട്ടുള്ള ബാലസാഹിത്യ നോവലുകൾ/ ചെറുകഥകൾ എന്നിവയുടെ നാടകാവിഷ്കരണം | പ്രതിമാസ പരിപാടി | ആർട്ട്സ് ക്ലബ്ബ് | - - |

പ്രവർത്തനം 18

പേര് : അഭിമുഖങ്ങൾ / സെമിനാറുകൾ

ഉപമേഖല : സർഗ്ഗശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗ്ഗശേഷികളുടെ പരിപോഷണം | പ്രശസ്തരായ സാഹിത്യകാരന്മാരുമായി അഭിമുഖം നടത്തൽ. സാഹിത്യനായകന്മാർ പങ്കെടുക്കുന്ന വിവിധ സെമിനാറുകൾ സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ഒ.എസ്.എ. | 10000/- (ഒ.എസ്.എ.) |

പ്രവർത്തനം 19

പേര് : പാവനാടക പരിശീലന ശില്പശാല

ഉപമേഖല : സർഗ്ഗാത്മക വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കലാവാസനകളെ പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളെ പാവനനാടകങ്ങളായി അവതരിപ്പിക്കാനുള്ള പരിശീലനവും ആയതിന്റെ അവതരണവും | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.എസ്.ജി. | 5000/- |

പ്രവർത്തനം 20

പേര് : കുട്ടീസ് റേഡിയോ

ഉപമേഖല : ഭാഷയുടെ പ്രകടനപരത

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അവതരണ മികവ് കൈവരിക്കൽ | വിദ്യാലയത്തിൽ ക്രമീകരിച്ചിരിക്കുന്ന റേഡിയോ സ്റ്റുഡിയോയിൽ നിന്നും എല്ലാക്ലാസ്സിലും ക്രമീകരിച്ചിരിക്കുന്ന സ്പീക്കറുകളിലേക്ക് ഒഴിവുസമയത്ത് റേഡിയോ പ്രക്ഷേപണം, കുട്ടികളുടെ വിവിധ പരിപാടികളുടെ അവതരണം, ഔദ്യോഗിക അറിയിപ്പുകൾ നൽകൽ | എല്ലാ ദിവസവും ഒഴിവു സമയങ്ങളിൽ | എസ്. ആർ.ജി. | 25,000/- വ്യവസായ ഗ്രൂപ്പ് സ്പോൺസർഷിപ്പ് |

പ്രവർത്തനം 21

പേര് : സ്കൂൾ വിഷൻ

ഉപമേഖല : സമഗ്ര വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷാപരമായ ശേഷികളുടെ സമഗ്രമായ വികസനം | വിദ്യാലയ സ്റ്റുഡിയോയിൽ നിന്നും ക്ലാസ്സുകളിൽ സ്ഥാപിച്ചിരിക്കുന്ന ടി.വി.കളിലേക്ക് കുട്ടികളുടെ കലാപരിപാടികളുടെ സംപ്രേക്ഷണം. അസംബ്ലി, പൊതുപരിപാടികളുടെ സംപ്രേക്ഷണം. | എല്ലാ ദിവസവും ഇടവേള കളിൽ | എസ്.ആർ.ജി. | 50,000/- സി.എസ്.ആർ. ഫണ്ട് |

പ്രവർത്തനം 22

പേര് : ദിനാചരണങ്ങൾ

ഉപമേഖല : സമഗ്ര വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ്.ആർ.ജി.യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | എസ്.ആർ.ജി. | - - |

പ്രവർത്തനം 23

പേര് : ഒറിഗാമി ശില്പശാല

ഉപമേഖല : അക്കാദമികം / ഗണിതശേഷികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| രസകരമായ ഗണിത ശാസ്ത്രപഠനവും കരചലന ശേഷികളുടെ വികാസവും | ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിതസവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി. ഒ.എസ്.എ. | 1000/- ഒ.എസ്.എ. |

പ്രവർത്തനം 24

പേര് : ഗണിതലാബ് സജ്ജീകരിക്കൽ

മേഖല/ഉപമേഖല : അക്കാദമികം / ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ. ലാബിൽ വച്ച് ഗണിത ക്ലാസ്സ് നടത്തൽ | ആവശ്യാനുസരണം | എസ്.ആർ.ജി. ഗണിത ക്ലബ്ബ് | - - |

പ്രവർത്തനം 25
പേര് : ഗണിത പാർക്ക്
മേഖല/ഉപമേഖല : അക്കാദമികം / ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതം മധുരതരമാക്കൽ | ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയമുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | 1000/- (പി.ടി.എ.) |

പ്രവർത്തനം 26
പേര് : ശാസ്ത്രലാബ് നവീകരിക്കൽ
മേഖല/ഉപമേഖല : അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രലാബിനെ സജ്ജീകരിക്കൽ | സയൻസ് ലാബിലെ വിവിധ ഉപകരണങ്ങളും രാസവസ്തുക്കളും ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിങ്ങനെ ഇനംതിരിച്ച് ക്രമീകരിക്കൽ. കാറ്റലോഗ് തയ്യാറാക്കൽ ഇരിപ്പിടങ്ങൾ സജ്ജമാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ് | - - |

പ്രവർത്തനം 27
പ്രവർത്തനത്തിന്റെ പേര് : ശാസ്ത്രപോഷണ പരിപാടി
മേഖല/ഉപമേഖല : അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രീയ മനോഭാവം രൂപപ്പെടുത്തൽ | ശാസ്ത്രത്തിന്റെ രീതി, ജനപക്ഷ ശാസ്ത്രത്തിന്റെ അനിവാര്യത, ശാസ്ത്രം ജനനന്മയ്ക്ക് എന്നിവ കേന്ദ്രീകരിച്ചുള്ള ക്ലാസ്സുകൾ, സംവാദങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കൽ | പ്രതിമാസ പരിപാടി | സയൻസ് ക്ലബ്ബ് | 10000/- (എസ്.എസ്.ജി.) |

പ്രവർത്തനം 28

പ്രവർത്തനത്തിന്റെ പേര് : പ്രതിഭാപോഷണ പരിപാടി

മേഖല/ഉപമേഖല : അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രതിഭകൾക്ക് വിദഗ്ധ പരിശീലനവും ക്ലാസ്സുകളും നൽകൽ. | ശാസ്ത്രത്തിൽ മികവാർന്ന നിലവാരം പുലർത്തുന്ന കുട്ടികൾക്കായി പ്രത്യേക പരിശീലന ക്ലാസ്സുകൾ ഒഴിവുദിനങ്ങളിൽ സംഘടിപ്പിക്കൽ | അവധി ദിവസങ്ങൾ | എസ്.ആർ.ജി. എസ്.എസ്.ജി. | 5000/- (സ്പോൺ സർഷിപ്പ്) |

പ്രവർത്തനം 29

പ്രവർത്തനത്തിന്റെ പേര് : ശാസ്ത്രയാത്രകൾ (Field Trips)

മേഖല/ഉപമേഖല : അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപഠനം രസകരമാക്കൽ | കുസാറ്റിലെ ശാസ്ത്ര സമൂഹകേന്ദ്രം, ശാസ്ത്ര പ്രദർശനങ്ങൾ, മെഡിക്കൽ പ്രദർശനങ്ങൾ തുടങ്ങിയവ നിരീക്ഷിക്കുന്നതിനുള്ള പഠനയാത്രകൾ | പ്രതിവർഷം 3 യാത്രകൾ | സയൻസ് ക്ലബ്ബ് പി.ടി.എ. | 15000/- (ഒ.എസ്.എ.) |

പ്രവർത്തനം 30

പേര് : മേളകൾ

മേഖല/ഉപമേഖല : അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കുക | സ്കൂൾതല ശാസ്ത്രമേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ, ഉപജില്ല തലത്തിൽ പരമാവധി പങ്കാളിത്തം. | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ് | 10000/- (സി.എസ്.ആർ. ഫണ്ട്) |

# മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| ഭാഷാശേഷി വികസനം ഗണിത വികസനം ഇംഗ്ലീഷ് പഠന പരിപോഷനം, ശാസ്ത്ര പരിപോഷന പരിപാടി, ലാബ് ആധുനിക വൽക്കരിക്കൽ ജൈവ വൈവിധ്യ പർക്ക് സാഹിത്യ പോഷണ പരിപാടികൾ പഠനയാത്രകൾ സെമിനാറുകൾ കലാകായിക മേള ഐ.ടി പരിശീലനം, സ്കൂൾ പത്രം,/ മാസിക പവൃത്തി പരിചയ പഠനം എസ്.ആർ.ജി ശാക്തീകരണം, രചനാ ശില്പശാല അഭിമുഖങ്ങൾ,മെഡിക്കൽ ക്യാമ്പ് ഗണിതലാബ്, ഭാഷ ലാബ്, ബ്ലോഗ് ദിനാചരണം, കായിക പഠനം, റേഡിയോ | ചുറ്റുമതിൽ കളിസ്ഥലം , ലൈബ്രറി, മൾട്ടിമീഡിയ റൂം, ഡൈനിംഗ് ഹാൾ അസംബ്ലിഹാൾ, മാലിന്യ സംസ്കരണം,ടോയ്‌ലറ്റ്, ലബോറട്ടറി, ജന്മദിനത്തിനൊരു പുസ്തകം, ചിത്രരചന | പി.ടി.എ ശക്തിപ്പെടുത്തൽ<br>എസ്.എം.സി കാര്യക്ഷമമാക്കൽ<br>വിദ്യാലയ വികസന സമിതി<br>പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം<br>ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ എന്നിവയുടെ പ്രവർത്തനങ്ങൾ പ്രയോജനപ്പെടുത്തൽ<br>വിദ്യാലയ മികവുകൾ പൊതു സമൂഹവുമായി പങ്കുവെക്കൽ<br>പഠനക്കൂട്ടം<br>പ്രാദേശിക പി.ടി.എ<br>ഭവന സന്ദർശനം |

# വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

1. ജ്ഞാന നിർമ്മിതി സിദ്ധാന്തത്തിലധിഷ്ഠിടമായ പഠനത്തിനുതകുന്ന വേദിയയായിരിക്കണം വിദ്യാലയം- അതിന് അനുയോജ്യമായ അന്തരീക്ഷം ഒരുക്കുന്ന ഇടമായിരിക്കണം വിദ്യാലയം

2. പഠന - പഠനാനുബന്ധ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുന്ന അന്തരീക്ഷം വിദ്യാലയത്തിലുണ്ടാവണം.

3. മൂല്യങ്ങളും നന്മകളും വളർത്തിക്കൊണ്ടുവരുന്ന ഇടമായി വിദ്യാലയം മാറണം. ഇപ്പോഴുള്ള മൂല്യച്യുതിയുടേയും അപചായത്തിന്റേയും പരിഹാരമാണത്.

4. പാർശ്വവൽക്കരിക്കപ്പെട്ടവർക്കും പ്രത്യേക പരിഗണന , ശ്രദ്ധ, പങ്കാളിത്തം എന്നിവ ഉറപ്പുവരുത്തുന്ന ഇടമായി മാറണം.

5. ലോകത്തെവിടെയും സമാന പ്രായമുള്ള കുട്ടികൾ ആർജ്ജിച്ചതിനേക്കാൾ മികവാർന്ന ശേഷികളും ധാരണകളും ഉറപ്പാക്കണം.

6. പരിസ്ഥിതി ബോധം, ഉത്തരവാദിത്തം എന്നിവ ബോധ്യപ്പെടുത്തണം.

## പ്രതീക്ഷിത നേട്ടങ്ങൾ


- വിവിധ വിഷയങ്ങൾ കണ്ടും കേട്ടും അനുഭവിച്ചറിഞ്ഞ് പ്രാവീണ്യം നേടുന്ന വിദ്യാർത്ഥികളെ സൃഷ്ടിക്കാൻ നമ്മുടെ വിദ്യാലയത്തിന് കഴിയുമെന്ന് പ്രത്യാശിക്കാം.
- മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളിൽ പ്രാവീണ്യം നേടുന്നു.
- ഗണിത ലളിതമാക്കികൊണ്ടുള്ള പ്രവർത്തനങ്ങളിലൂടെ അഭിരുചി വളർത്താൻ കഴിയുന്നു.
- ഓരോ ക്ലാസിലും ലാബുകൾ സജ്ജീകരിക്കുന്നതിലൂടെ ലഘുപരീക്ഷണങ്ങൾ ചെയ്യാനുള്ള താത്പര്യം വർദ്ധിക്കുകയും ശാസ്ത്ര അവബോധം വർദ്ധിക്കുകയും ചെയ്യുന്നു.
- സാമൂഹ്യശാസ്ത്ര പഠനത്തിലൂടെ വിദ്യാർത്ഥിയും സമൂഹവും തമ്മിലുള്ള അഭേദ്യമായ ബന്ധം ഊട്ടി ഉറപ്പിക്കാനും തദ്ദേശിയ- പ്രദേശിക കാര്യങ്ങളിൽ കുട്ടികൾ ഇടപെടാനുള്ള സാഹചര്യം ഉളവാകുന്നു.
- ഐ.സി.ടി പഠന സാധ്യത പരമാവധി പ്രയോജനപ്പെടുത്തി വിവിധ മേഖലകളിലെ അഭിരുചി വളർത്തുന്നു.

## മോണിറ്ററിംഗ്

പരിപാടികളുടെ/ പദ്ധതികളുടെ സുതാര്യവും കാര്യക്ഷമമായ നടത്തിപ്പിന് സാമൂഹികവും ആധികാരികവുമായ ഒരു മോണിറ്ററിംഗ് കമ്മിറ്റി ആവശ്യമാണ് ഇതിനായി എ.ഇ.ഒ, ബി.പി.ഒ, വിദ്യാഭ്യാസ വിചക്ഷണർ, വാർഡ് മെമ്പർ, പി.ടി.എ പ്രസിഡന്റ്, എം.പി.ടി.എ പ്രസിഡന്റ് എന്നിനവരടങ്ങുന്ന മോണിറ്ററിംഗ് കമ്മിറ്റി കൂടുതൽ അഭികാമ്യം.

സ്കെച്ച്

MSUPS, Manjappara




T. S. NOORJAHAN BEEVI
Headmistress
MS UPS, Manjappara

SHERIEEF

## ഉപസംഹാരം

ഉദാരവല്ക്കരണയുഗത്തിൽ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് തിരിച്ചടി നേരിടുന്ന ഈ വേളയിൽ വിദ്യാഭ്യാസത്തിന്റെ ആണിക്കല്ലായ പൊതു വിദ്യാലയങ്ങൾ സംരക്ഷിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമായ. ലാഭ നഷ്ടക്കണക്കുകൾ നിരത്തി വിലപേശുന്ന ഒരിടമായി വിദ്യാലയം മാറരുത്. വിദ്യാഭ്യാസത്തിന്റെ മാഹാത്മ്യം ഉയർത്തിപ്പിടിച്ചുകൊണ്ട് ലാഭ നഷ്ടകണക്കുകൾക്ക് അതീതമായി സാമൂഹികമായും സാംസ്കാരികവുമായ നിലനിൽപ്പിനു വേണ്ടുയുള്ള യജ്ഞത്തിന് നാന്ദി കുറിക്കാൻ സമൂഹം തയ്യാറായിക്കഴിഞ്ഞു. ഇതൊരു തുടക്കമാണ് നന്നായി തുടങ്ങിക്കൊണ്ട് നമുക്ക് ഈ മഹത്യജ്ഞത്തിൽ പങ്കുചേരാം. ഇത് ഈ കാലഘട്ടത്തിന്റെ ആവശ്യം വിദ്യാലയത്തെ കച്ചവടകേന്ദ്രങ്ങളാക്കി മാറ്റാതെ മികവിന്റെ കേന്ദ്രങ്ങളായി മാറ്റിക്കൊണ്ട് മറ്റൊരു സാംസ്കാരിക മുന്നേറ്റതിന് നമുക്ക് തുടക്കം കുറിക്കാം.

# Maths Master Plan

Std V

# up ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | ഗണിത ശില്പശാല. കളിരീതിയിൽ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാടി, മുത്തുകൾ ....) ഉപയോഗിക്കുന്നു. | ജൂൺ. | | |
| രസകരമായ ഗണിതശാസ്ത്രപഠനം | ഒറിഗാമി ശില്പശാല. ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കാനുള്ള പരിശീലനം. വിവിധ രൂപങ്ങൾ നിർമ്മിക്കൽ, ഗണിത സവിശേഷതകൾ എഴുതുന്നു. | വർഷത്തിൽ ഒരു പ്രാവശ്യം. | | |
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ. | വിദ്യാലയത്തിൽ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കുന്നു. ലാബിൽ വെച്ച് ഗണിത ക്ലാസ്സ് നടത്തൽ. | ആവശ്യാനുസരണം. | | |
| ഗണിതം മധുരമാക്കൽ. | ഗണിത പാർക്ക് ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ. | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | ഗണിതക്ലബ്ബ് PTA |
| ഗണിത മേഖലയിൽ കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കൽ. | ഗണിതഗ്രാമം. ഗണിതത്തിൽ താല്പര്യമുള്ള അധ്യാപകരെ കൊണ്ട് വന്ന് പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താല്പര്യം ഉണ്ടാക്കുന്നു | വർഷത്തിൽ രണ്ടോ മൂന്നോ തവണ. | maths അധ്യാപകർ | പി.ടി.എ |

| | | | | |
|---|---|---|---|---|
| ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | **ഐ.ടി. സാധ്യതയിലൂടെ.**<br>ജ്യാമിതീയരൂപങ്ങൾ, ചതുഷ്കൂടങ്ങൾ എന്നിവ ഐ.ടി സാധ്യതകൾ ഉപയോഗിച്ച് കുട്ടികളിൽ എത്തിക്കാൻ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യ | അധ്യാപകർ | |
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്നവരെ മുൻനിരയിലെത്തിക്കുന്നു. | **ഗണിത ക്ലിനിക്.**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ അധ്യാപകരും കുട്ടികളും ചേർന്ന് മുൻനിരയിൽ എത്തിക്കുന്നു. | ആഴ്ചയിൽ ഒന്ന്. | ഗണിത അധ്യാപകർ കുട്ടികൾ | |
| വിവിധ ശേഷികളുടെ വികസനം. | **ദിനാചരണം.**<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ SRG യിൽ ചർച്ച ചെയ്യുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം. | SRG | |

Malayalam VII

Master Plan

മേഖല യു.പി. മലയാളം.

| ലക്ഷ്യം | പ്രവർത്തനം | കാലം |
| --- | --- | --- |
| ഭാഷയുടെ അടിസ്ഥാനശേഷി വികസനം ആശയ സംവേദനം നടത്താനും ചുറ്റുവട്ടത്ത് വളർത്താനും പഠിതാക്കളെ പ്രേരിപ്പിക്കുക. | എന്റെ അവധിക്കാലം.<br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാവിവരണം, അനുഭവ കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ വാരം |
| | ഭാഷാകേളി<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ |
| | വാക്കുകളിൽ നിന്ന് വാക്യത്തിലേക്ക്<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ. |

| | | |
|---|---|---|
| പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | **വാർത്താലോകത്തേക്ക്**<br>പത്രം, ആഴ്ചപതിപ്പ്, മാഗസിനുകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വരുത്തുകയും ചെയ്യുന്നു. | എല്ലാദിവസവും |
| | **വാർത്താവായന.**<br>നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെകൊണ്ട് വായിപ്പിക്കുന്നു. ക്ലാസ്സ് തലത്തിൽ വായനനടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം |
| | അതത് ദിവസത്തെ പ്രധാനസംഭവങ്ങൾ ക്ലാസ്സ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്നുപ്രാവിശ്യം. |
| 3) സാഹിത്യകൃതികളോടും സാഹിത്യകാരന്മാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | **സംവാദം, മുഖാമുഖം.**<br>സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖസംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട്പ്രാവിശ്യം |

| | | |
|---|---|---|
| മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടി എടുക്കലും സർഗ്ഗാത്മക ശേഷി വളർത്തലും. | **ഇ - കമ്പ്യൂട്ടറിംഗ്**<br>മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ-മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു.<br>മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് സ്കൂൾ മാഗസിൻ പ്രസിദ്ധീകരിക്കുന്നു. | വർഷാവസാനം. |
| (5) പഠിതാക്കളുടെ കലാവാസന പരിപോഷിപ്പിക്കൽ. | **രംഗാവിഷ്കാരം.**<br>പാഠഭാഗവുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ ലഘു നാടകങ്ങൾ എന്നിവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. വിദഗ്ധരായ കലാകാരന്മാരെ സംഘടിപ്പിച്ച് ശില്പശാലകൾ നടത്തുന്നു. | അക്കാദമിക് വർഷം. |
| (6) കുട്ടികളുടെ [illegible]. | വിശേഷദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു.<br>സ്കൂളിലെ പ്രധാനസംഭവങ്ങൾ വാർത്തയാക്കുന്നു. | [illegible] ആഴ്ചയിൽ ഒന്ന്. |